മാതൃഭൂമി

Aug 25, 2016

# സി.എം.എഫ്.ആർ.ഐ. തമിഴ്നാട് സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** സമുദ്ര ജൈവ വൈവിധ്യ ഗവേഷണം ശക്തിപ്പെടുത്താൻ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) തമിഴ്നാട്ടിലെ എം.എസ്. സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവെച്ചു. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും എം.എസ്. സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. ഭാസ്കറുമാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.

തമിഴ്നാട്ടിലെ തിരുനെൽവേലി ആസ്ഥാനമായ മനോൻമണിയം സുന്ദരനാർ (എം.എസ്.) സർവകലാശാലയും സി.എം.എഫ്.ആർ.ഐ.യുടെ തൂത്തുക്കുടി ഗവേഷണ കേന്ദ്രവും ചേർന്ന് മന്നാർ ഉൾക്കടലിലെ പ്രത്യേക ജൈവ വൈവിധ്യങ്ങളുടെ സാധ്യതകൾ കണ്ടെത്തുന്നതിന് സംയുക്ത ഗവേഷണം നടത്തും. ഇതുവഴി സമുദ്ര ജൈവ വൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട് സി.എം.എഫ്. ആർ. ഐ.യിൽ ഗവേഷണം പൂർത്തിയാക്കുന്നവർക്ക് എം.എസ്. സർവകലാശാലയിൽ നിന്ന് പിഎച്ച്.ഡി. നേടാനും സാധിക്കും.